കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തൻചിറ ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)-1448/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in
തീയതി:13/12/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
പുത്തൻചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുത്തൻചിറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-17, 1-23, 1-25, 1-27 എന്നീ ഖണ്ഡികകളിലേയ്ക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)-1448/2019 തീയതി: 13/12/19

## തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.9.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2019 മുതൽ 29.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷീന.കെ.ടി. | ഓഡിറ്റ് ഓഫീസർ |
| | വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ധന്യ ദിലീപ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.എ.നദീർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | സി.എം.പ്രേമാനന്ദ് | 01.04.2018 മുതൽ 10.03.2019 വരെ |
| അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | ശ്രീ.വിൽഫ്രഡ് ക്രോണിൻ | 11.3.2019 മുതൽ 31.3.2019 വരെ |
| | | |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | വിൽഫ്രഡ് ക്രോണിൻ | 1.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ബബിത.കെ. | 1.4.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | റിങ്കു.പി | 1.4.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (മാണിയംകാവ് സർക്കിൾ) | മറിയാമ്മ ആന്റണി | 1.4.2018 മുതൽ 30.8.2018 വരെ |
| | റോഷ്നി അരവിന്ദ് | 30.8.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ (പുത്തൻചിറ സൗത്ത് സർക്കിൾ) | കണ്ണൻ.പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിജി.ടി.എസ്. | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ഡോ.ബിനി.വി.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സോണിയ.ഇ.എ. | 01.04.2018 മുതൽ 9.07.2018 വരെ |
| | ഡോ.കെ.സി.പ്രവീൺ കുമാർ | 9.7.2018 മുതൽ 25.7.2018 വരെ |
| | ഡോ.ജോർജ് മാത്യു | 25.7.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അരുൺ.എ.വിക്ടർ | 1.4.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശിഖ മാർവിൻ | 1.4.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം., ജി.യു.പി.എസ്. | ശശികുമാർ.ടി.എം | 01.04.2018 മുതൽ 1.08.2018 വരെ |
| | രമണി.വി. | 2.8.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | നിഷ | 01.04.2018 മുതൽ 1.8.2018 വരെ |
| | ഇഷ മുരളി | 2.8.2018 മുതൽ 31.3.2019 വരെ |

ഉള്ളടക്കം

| | | |
|---|---|---|

| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| | | ഭാഗം –1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഡി&ഒ ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല |
| 13 | 1-13 | കെ.എസ്.ഇ.ബി. പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക-വൈകി അടവാക്കിയ തുകക്ക് പിഴ പലിശ അടവാക്കിയിട്ടില്ല. |
| 14 | 1-14 | അഗ്നി സുരക്ഷ സംബന്ധിച്ച അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാത്ത കെട്ടിടത്തിന് നമ്പർ നൽകി. |
| 15 | 1-15 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| 16 | 1-16 | എസ്.സി നഴ്സറി സ്കൂളിലേക്ക് കളിപ്പാട്ടം വാങ്ങിയത്-അപാകതകൾ |
| 17 | 1-17 | പട്ടികജാതി എട്ടാംക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ നിർദ്ദേശമില്ല. |
| 18 | 1-18 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ |
| 19 | 1-19 | ഹോമിയോ മരുന്ന് വാങ്ങൽ -നൽകിയ തുകക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. |
| 20 | 1-20 | ലൈഫ് ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. |
| 21 | 1-21 | ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കൃഷി ഓഫീസർ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. |
| 22 | 1-22 | കന്നുകുട്ടിപരിപാലന പദ്ധതി-വിട്ടുപോയ ഗുണഭോക്താക്കളുടെ പദ്ധതിവിഹിതം എസ് എൽ ബി പിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് |
| 23 | 1-23 | സ്വകാര്യ വ്യക്തികളിൽ നിന്നും പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. |
| 24 | 1-24 | പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്ത് ലേലം ചെയ്ത് നൽകുന്ന കുളങ്ങൾ ഉൾപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| 25 | 1-25 | ജലനിധി – കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് |
| 26 | 1-26 | കുടുംബശ്രീ വനിതാകാന്റീൻ പ്രവർത്തനമാരംഭിച്ചിട്ടില്ല |
| 27 | 1-27 | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |
| ഇല്ല | | |
| ഭാഗം – 4 | | |
| 28 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 29 | 4-2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 32 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം |
| 36 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 40 | അനുബന്ധം-2 | ഓഡിറ്റ് സംക്ഷിപ്തം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27/03/18 തീയതിയിലെ 1(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 14.5.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12557827 |
| വരവ് | 72336749 |
| ആകെ | 84894576 |
| ചെലവ് | 70687189 |
| നീക്കിയിരിപ്പ് | 14207387 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12672000 | 12672000 | 11625931 | 1046069 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7454000 | 7454000 | 4724919 | 2729081 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 69000 | 69000 | 0 | 69000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 15262000 | 15262000 | 11849737 | 3412263 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 1612058 | 1167942 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7656893 | 7656893 | 4967000 | 2689893 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 324117 | 324117 | 0 | 324117 |
| സാക്ഷരത | | 5528 | 230 | 5758 | 0 | 5758 |
| ദുരിതാശ്വാസനിധി | | 55609 | 2317 | 57926 | 0 | 57926 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14860789 | 14860789 | 14860789 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6074 | 559276 | 565350 | 563139 | 2211 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- | TSC | 156000 | 150000 | 306000 | 231000 | 75000 |
| | ICDS | 923224 | 366706 | 1289930 | 377352 | 912578 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ- | | 21375 | 0 | 21375 | 0 | 21375 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 170571 | 4120200 | 4290771 | 2452600 | 1838171 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 519400 | 832265 | 1351665 | 1351665 | 0 |
| ബി ഫണ്ട് | | 0 | 396720 | 396720 | 396720 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | - | - | | |
| മറ്റിനം | | | | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 80454248 | 113 | 44541572 | 81 | 10 | 55.39 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6074 | 559276 | 565350 | 563139 | 2211 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 14860789 | | 14860789 | |
| മെറ്റീരിയൽ ഇനത്തിൽ ആകെ നൽകുന്നത് | | 1057974 | | 1057974 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60720 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 2456100 | 571 |
| വിധവാപെൻഷൻ | 3641800 | 851 |
| വാർദ്ധക്യകാലപെൻഷൻ | 6319000 | 1417 |
| വികലാംഗപെൻഷൻ | 1117700 | 249 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 209000 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |
| നെൽകൃഷിക്ക് പ്രൊഡക് | 126000 | |

| | | |
|---|---|---|
| ഷൻ ഇൻസെന്റീവ് | | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/9/19-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35831/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പദ്ധതികളുടെ പുരോഗതി, പൂർത്തിയാക്കിയ പദ്ധതികളുടെ അവലോകനം എന്നിവ പഞ്ചായത്ത് കമ്മിറ്റി നടത്തുന്നതായി കാണുന്നില്ല. പഞ്ചായത്തിൽ വിവിധ പദ്ധതികളുടെ ഭാഗമായി നടത്തുന്ന പർച്ചേസുകൾക്ക് ലഭിക്കുന്ന ടെണ്ടർ /ക്വട്ടേഷനുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി യഥാവിധി പരിശോധന നടത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിനായി സമർപ്പിക്കുന്നില്ല. ഉദാഹരണത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി. നഴ്സറി സ്കൂളിലേക്ക് കളിപ്പാട്ടം വാങ്ങൽ എന്ന പദ്ധതിക്കു ലഭിച്ച ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് (17.10.2018ന്) പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നതായി മിനിട്സിൽ രേഖപ്പെടുത്തിക്കാണുന്നത്. ആയതിൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ടെണ്ടർ, പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിക്കാണുന്നു. (ഉദാ: അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പി.വി.സി. വാട്ടർ ടാങ്ക് വാങ്ങുന്ന പദ്ധതിയുടെ ടെണ്ടർ). ലഭിക്കുന്ന ടെണ്ടറുകൾ/ ക്വട്ടേഷനുകൾ വിശദമായി പരിശോധിച്ച് ഉചിതമായത് തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന് സമർപ്പിക്കുകയാണ് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ചുമതല. ഓഡിറ്റ് വർഷം നടത്തിയ വാങ്ങലുകളിലൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/9/2019 | 2019 ഏപ്രിൽ, മെയ്, ജൂൺ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/9/2010 | 2004-05 മുതൽ 2008-09 | LBAHQ/III/8A-1519/09-10 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ

പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 2.1തൻവർഷം

### 2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1798698 | 1717121 | 95822 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1798698 | 1717121 | 105003 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(0/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2017-18 Annual Financial Statement പ്രകാരം അഡ്വാൻസ് ഇനത്തിൽ തൻവർഷം ക്രമീകരിക്കാൻ തുക വകയിരുത്തിയിട്ടില്ല.

### 2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1304119 | 1281105 | 0 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1304119 | 1281105 | 0 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(0 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.2 കുടിശ്ശിക

### 2.2.1 റെസിഡൻഷ്യൽ

| | | | |
|---|---|---|---|

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| “സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5845 | 5433 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 5433 | 0 |
| | *(2017-18-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (...+....= /105x100) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43 | **(ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) (/105x100)= |

<u>2.2.2 നോൺ-റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| “സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | | NIL | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 0 | 0 |
| | (2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) *(.....+..... = /105x100) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43 | **(0/105x100)= ...., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 91916 | 482 | 92398 | 87301 | 274 | 87575 | 5120 | - | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 65901 | - | 65901 | 64481 | - | 64481 | 1461 | - | 0 | 0 | 0 |
| | ആകെ | | | 158299 | | | 152056 | 6581 | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 158299 | | | 152467 | | | - | 547 | 0 | | |
| | | 0+158299 = (2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101- State | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | govt Cess/levies...... ലെഡ്ജർ 2018-19) | | | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ)

2.5. 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 175 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ “110100101- Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 1 തവണയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 152467/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 152056/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | 2018-19ലെ ലെഡ്ജർ |
|---|---|---|---|

| | | പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 85/- | 105003 |

2.8 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 105003/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800354 | 31.03.2019 | 105003 |

3. 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (.... കെട്ടിടങ്ങൾ) | 130100101- Rent from Building | 281904<br>3370 | 26.11.18<br>31.03.19 | 41800147<br>41800323 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ്

അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

4.6 ലൈബ്രറി രജിസ്റ്റർ

4.7 പാര മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.9 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ

4.10 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18) | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101- Prior period income – Property tax on residential buildings | 103429 |
| 280100104 – Prior period income -Property tax on non residential buildings | 3242 |
| 280800201- Prior period- administrative expense | (108500) |
| 280800301- Prior period income- Other income | (152083) |
| 280800701- Prior period – Miscellaneous expenses | 5,00,000 |

6. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1649560/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6927436/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 3083860/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

10. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/19 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/03/2019-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 387055/- രൂപയാണ്. എന്നാൽ 31/03/2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 502008/- രൂപയാണ്.

# 1-12 ഡി&ഒ ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

2018-19 സാമ്പത്തികവർഷത്തെ പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള ട്രേഡേഴ്സിന്റെ എണ്ണവും സഞ്ചയ പ്രകാരം ഉള്ള വാണിജ്യസ്ഥാപനങ്ങളുടെ എണ്ണവും യഥാക്രമം 272, 1092 എന്നിങ്ങനെയാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള ഡി&ഒ ലൈസൻസുകളുടെ എണ്ണം 294 ആണ്. ആയതിന് വിശദീകരണം (ഓഡിറ്റ് അന്വേഷണം നമ്പർ :13, തീയതി : 28/9/2019) ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല. ഈ അന്തരം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-13 കെ.എസ്.ഇ.ബി. പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക-വൈകി അടവാക്കിയ തുകക്ക് പിഴ പലിശ അടവാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 29.8.2019 ന് അംഗീകരിച്ച വാടക ബൈലോയിലെ 18ാം വ്യവസ്ഥ പ്രകാരം പ്രതിമാസ വാടക അതാതുമാസം 5ാം തീയതിക്കുമുൻപ് അടവാക്കാത്ത പക്ഷം നിശ്ചിത തീയതി മുതൽ പണം അടവാക്കുന്ന തീയതി ഉൾപ്പെടെയുള്ള കാലത്തേക്ക് 15 ശതമാനം പിഴ പലിശ കൂടി അടവാക്കേണ്ടതാണ്.

കെ.എസ്.ഇ.ബി.ക്ക് വാടകക്ക് നൽകിയ കെട്ടിടത്തിന്റെ പ്രതിമാസ വാടക 8663 രൂപ ആണ് ജൂലൈ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വാടക രസീത് നമ്പർ-118030900009/27.3.2019 പ്രകാരം 77967/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ പിഴ പലിശ അടവാക്കിയില്ല. ഇത് സംബന്ധിച്ച് സെക്രട്ടറി എ6-3251/18 നമ്പർ കത്ത് പ്രകാരം പിഴ പലിശ അടവാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും പ്രസ്തുത തുക നാളിതുവരെ അടവാക്കിയിട്ടില്ല. ബൈലോ പ്രകാരമുള്ള പിഴ പലിശ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 അഗ്നി സുരക്ഷ സംബന്ധിച്ച അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാത്ത കെട്ടിടത്തിന് നമ്പർ നൽകി.

ഫയൽ നമ്പർ-എ6-2423/2017
കെട്ടിട നമ്പർ-3/69 ബി

മേൽ നമ്പറിലുള്ള കാറ്ററിങ്ങ് യൂണിറ്റ് കെട്ടിടത്തിന് (ജോബി ജോസ്, കാട്ടുങ്ങൽ, പുത്തൻചിറ) നമ്പർ നൽകിയ ഫയൽ പരിശോധിച്ചതിൽ പെർമ്മിറ്റ് നൽകിയ സമയത്ത് അഗ്നി ശമന വകുപ്പ് അഡീ.ഡിവിഷണൽ ഓഫീസറുടെ (തൃശ്ശൂർ) നിരാക്ഷേപ സാക്ഷ്യപത്രത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് വകുപ്പിന്റെ അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നുവെങ്കിലും സാക്ഷ്യപത്രം ഫയലിൽ ഇല്ല. നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിട ഉടമകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികൾ കെ.എസ്.ഇ.ബി. പൂർത്തീകരിച്ച് സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ നൽകിയിട്ടില്ല
i) ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, S0027/19

വകയിരുത്തിയ തുക -ധനകാര്യകമ്മീഷൻ ഗ്രാന്റ്- 60,000/-

ചെലവ്- ട്രഷറി ബിൽ നം. 31/17.1.19, 28293/-

KSEB പുത്തൻചിറ സെക്ഷന് 7424/- രൂപയും കൊടുങ്ങല്ലൂർ സെക്ഷന് 20869/- രൂപയും കൈമാറിയിട്ടുണ്ട്. കൊടുങ്ങല്ലൂർ സെക്ഷന് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീതിയില്ല.

ii)സ്ട്രീറ്റ് മെയിൻ വലിക്കൽ, SO022/19

വകയിരുത്തിയ തുക -ധനകാര്യകമ്മീഷൻ ഗ്രാന്റ്- 450000/-

തനത്ഫണ്ട്-30/-, ആകെ 450030/-

ചെലവ്- ട്രഷറി ബിൽ നം.24/21/12/18, 449414/-

KSEB പുത്തൻചിറ സെക്ഷനു തുക കൈമാറി. 17.12.2018 തിയതിയിലുള്ള കരാർ പ്രകാരം 180 ദിസവത്തിനുള്ളിൽ കെ.എസ്.ഇ.ബി.പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു.

മേൽ പറഞ്ഞ രണ്ട് നിക്ഷേപപ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 9 /27-09-2019 ന് മറുപടി ലഭിച്ചിട്ടുണ്ട്.
iii)103-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം, SO050/19

വകയിരുത്തിയത്-മെയിന്റനൻസ് നോൺറോഡ് ഗ്രാന്റ് -37450/- , തനത് ഫണ്ട്- 3070/-

ചെലവ്- ട്രഷറി ബിൽ നം. 5/29.6.18, 37450/-
തനത് ഫണ്ട്- വൗച്ചർ നം.21800344, ചെക്ക് നം .356722/27.7.18 , - 3070 /-
ആകെ 40520 രൂപ KSEB പുത്തൻചിറക്ക് കൈമാറി, പണി പൂർത്തീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പൂർത്തീകരണം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 28293 + 449414 + 40520 = 518227/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-16 എസ്.സി നഴ്സറി സ്ക്കൂളിലേക്ക് കളിപ്പാട്ടം വാങ്ങിയത്-അപാകതകൾ

പ്രൊജക്റ്റ് നം-S0125/19
നിർവ്വഹണം-അസി.സെക്രട്ടറി
വകയിരുത്തിയ തുക – SCP - 50,000

ചെലവ്, ട്രഷറി ബിൽ നം.10/29.3.2019, 28466/-
പദ്ധതിപ്രകാരം ടെണ്ടർ വിളിച്ച് ഡ്രീം ഇന്ത്യ സ്കൂൾ എയ്ഡ്, കാഞ്ഞിരപ്പിള്ളി എന്ന സ്ഥാപനത്തിൽ നിന്നും Inv.no.DS 189/16.3.2019 പ്രകാരം 28466/- രൂപക്ക് കളിപ്പാട്ടങ്ങൾ വാങ്ങിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ, A4-82/2017/Dt.22.2.2.19 കത്ത് പ്രകാരം ആവശ്യമായ കളിപ്പാട്ടങ്ങളുടെ മോഡലുകൾ സെലക്റ്റ് ചെയ്ത് ഡ്രീം ഇന്ത്യ എന്ന സ്ഥാപനത്തിന് കത്ത് അയച്ച് അയതുപ്രകാരമാണ് പർച്ചേസ് നടത്തിയത്. സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ പറഞ്ഞ നിരക്കിനേക്കാൾ വ്യത്യസ്ത തുകയാണ് ചില ഇനങ്ങൾക്ക് അനുവദിച്ചുകാണുന്നത്. കൂടാതെ ഒരേയിനത്തിന് ഒന്നിലധികം വില ക്വോട്ട് ചെയ്തവയിൽ ഏതാണ് വാങ്ങിയതെന്ന് കത്തിലോ സ്ഥാപനത്തിന്റെ ഇൻവോയ്സിലോ വ്യക്തമാക്കിയില്ല.

| ഇനം | നൽകിയ വില | 7.1.2019ൽ നൽകിയ ക്വട്ടേഷനിലെ നിരക്ക് |
|---|---|---|
| cycle | 1200 | 950 medium,<br>1450 dlx,<br>1900 super |
| Horse | 1300 | 1100 dlx<br>1550 super |
| Fruit kit | 300 | 220 (10 pieces),<br>310 (15 pieces) |
| Wild animal set | 220 | 165 (8 pieces),<br>260 (12 pieces) |
| Domestic animal set | 220 | 165 (8 pieces),<br>260 (12 pieces) |

പഞ്ചായത്ത് കമ്മിറ്റി തീരുമാനം 10/ 21.2.2019ൽ ടെണ്ടർ പ്രകാരമുള്ള മോഡലുകൾ പരിശോധിക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി ഈ തിയതികളിൽ യോഗം ചേർന്ന് പരിശോധന നടത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എപ്രകാരമാണ് കളിപ്പാട്ടങ്ങൾ തെരഞ്ഞെടുത്തതെന്നതിൽ വ്യക്തത വരുത്തേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. കളിപ്പാട്ടങ്ങൾ നഴ്സറി സ്കൂളിന്റെ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-17 പട്ടികജാതി എട്ടാംക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ നിർദ്ദേശമില്ല.

പ്രൊജക്റ്റ് നം-S0040/19

നിർവ്വഹണം- പ്രധാന അദ്ധ്യാപിക, GUPS പുത്തൻചിറ

വകയിരുത്തിയത്- എസ്.സി.പി - 1,00,000/

ചെലവ് -ട്രഷറി ബിൽ നം 2/18-19/22.1.2019, 87440/-

ബസ് സൗകര്യം കുറഞ്ഞ പ്രദേശത്ത് നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനായി സൈക്കിൾ വാങ്ങി നൽകുന്ന പ്രൊജക്റ്റാണ് ഇത്. ടെണ്ടർ വിളിച്ച് സവാരി സൈക്കിൾസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ആൺകുട്ടികൾക്കുള്ള 15എണ്ണവും (@3760) പെൺകുട്ടികൾക്കുള്ള 8 എണ്ണവും (@3880) വീതം സൈക്കിളുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. (Invoice no.501/22.11.18)

2018-19 വർഷത്തെ പദ്ധതി, സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)22/2018/തസ്വഭവ,തിയതി 14.2.2018 -യിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടില്ല. പഞ്ചായത്തിന്റെ പട്ടികജാതി /പട്ടിക വർഗ്ഗ വികസനം, വിദ്യാഭ്യാസം-കല-സംസ്കാരം-യുവജനകാര്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകളിൽ മേൽപറഞ്ഞ പ്രൊജക്റ്റ് സംബന്ധിച്ച ശുപാർശയോ ചർച്ചയോ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 5/27.2.2018 തീരുമാനത്തിൽ ടി പ്രൊജക്റ്റ് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 1/12.3.2018 തീരുമാനത്തിൽ മേൽ പ്രൊജക്റ്റ് ഉൾപ്പെടുന്ന 2018-19 വർഷത്തെ അന്തിമപദ്ധതി രേഖക്ക് അംഗീകാരം നൽകി. പദ്ധതിക്ക് അന്തിമ അനുമതി നൽകിയത് അസി. എജ്യുക്കേഷൻ ഓഫീസറുടെ അംഗീകാരം പത്രം നം.F.2018/ 17.04.2018 പ്രകാരമാണ് .
ഈ പ്രൊജക്റ്റ് ഏത് വർക്കിംഗ് ഗ്രൂപ്പ് ആണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നതിനും മേൽപറഞ്ഞ പ്രകാരമുള്ള പ്രൊജക്റ്റ് നടപ്പിലാക്കുവാൻ സർക്കാർ അനുമതിയോ ഉത്തരവോ ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/27-09-2019) നൽകിയെങ്കിലും മറുപടിയിൽ ടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സർക്കാരിന്റെ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ എത്രയും വേഗം കോർഡിനേഷൻ കമ്മിറ്റിയുടെയോ സർക്കാരിന്റെയോ നിർദ്ദേശപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 പെയിൻ ആന്റ് പാലിയേറ്റീവ് -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ.

പദ്ധതി നമ്പർ-32/2019

അടങ്കൽ-390000/-

ചെലവ്-373822/-

| ബിൽ നമ്പർ-തീയതി | തുക |
|---|---|
| 1/30.6.18 | 90676 |
| 2/30.7.18 | 29538 |
| 4/23.8.18 | 28754 |
| 5/27.9.18 | 24530 |
| | |

| | |
|---|---|
| 6/27.9.18 | 4750 |
| 7/22.10.18 | 29964 |
| 8/28.12.18 | 38160 |
| 9/19.1.19 | 27330 |
| 10/7.3.19 | 57470 |
| 11/13.3.19 | 24490 |
| 12/23.3.19 | 22910 |

ഫയൽ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.പാലിയേറ്റീവ് ഹോം വിസിറ്റ് ഡയറി പരിശോധിച്ചതിൽ ഹോം വിസിറ്റ് നടത്തിയതായി ഡയറിയിൽ രേഖപ്പെടുത്താത്ത ദിവസങ്ങളിലും ഹോം വിസിറ്റ് നടത്തിയതായി സബ് വൗച്ചറുകളിൽ രേഖപ്പെടുത്തി തുക പിൻ വലിച്ചതായി കണ്ടു. 2018 ജൂലൈ മുതൽ 17.3.2019 വരെയുള്ള ഹോം കെയർ ഡയറി ആണ് പരിശോധനക്ക് ഹാജരാക്കിയത്. ഇതിൽ ജൂലൈ മുതൽ ഒക്ടോബർ വരെ 13 ഹോം കെയർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (പല തീയതികളും രേഖപ്പെടുത്തിയിട്ടില്ല.) എന്നാൽ 35 ഹോംകെയറിന്റെ തുകക്കുള്ള സബ് വൗച്ചർ ഹാജരാക്കി വണ്ടി വാടക, ഭക്ഷണം എന്നിവക്കുള്ള തുക പിൻവലിച്ചു. തുടർന്നുള്ള മാസങ്ങളിൽ പല തീയതികളിലും ഹോം കെയർ ഡയറിയിൽ രേഖപ്പെടുത്താത്ത തീയതികളിൽ സബ് വൗച്ചർ എഴുതി തുക പിൻവലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം.3/24.9.2019 ) താൽക്കാലിക നഴ്സ് ആയതിനാലാണ് അവർ കൃത്യമായി ഡയറി എഴുതി സൂക്ഷിക്കാതിരുന്നതെന്ന് മറുപടി നൽകുകയും പരിചരണം നൽകിയ രോഗികളുടെ പേര് വിവരം മാത്രം രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രം ഹാജരാക്കുകയും ചെയ്തു. പെയിൻ ആന്റ് പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2.ഹോംകെയർ ഡയറി 1.4.2018 മുതൽ 30.6.2018 വരെയുള്ള കാലയളവിലേയും 18.3.2019 മുതൽ 31.3.2019 വരെയുമുള്ള കാലയളവിലെയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കാലയളവിൽ മേൽ അപാകത സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിക്കാനായില്ല.

# 1-19 ഹോമിയോ മരുന്ന് വാങ്ങൽ -നൽകിയ തുകക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ.(ഹോമിയോപ്പതി)

പദ്ധതി നമ്പർ-121/2018

ബിൽ നമ്പർ-1/17.10.18-150000/-രൂ

ഹോമിയോ മരുന്ന് വാങ്ങലിനായി 'ഹോംകോ'ക്ക് 150000/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ-LF-944/2.9.19 പ്രകാരം 46490/- രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനവുമായി മരുന്ന് വാങ്ങൽ സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ നടപടികൾ ഭാവിയിൽ കൃത്യമായി സ്വീകരിക്കേണ്ടതാണ്.

# 1-20 ലൈഫ് ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായ ലൈഫ് (ജനറൽ) പദ്ധതിയിൽ, പദ്ധതി നം.117/19, 11-ാം വാർഡിലെ ഗുണഭോക്താവ്, ശ്രീമതി.ചന്ദ്രാവതി, തെക്കടൻ എന്നവർക്ക്, 40000/ രൂപാ അഡ്വാൻസ് നൽകിയിട്ടുണ്ട്. (ബിൽ നം.1/18-19,dt.18.6.18) അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-21 ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കൃഷി ഓഫീസർ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്.

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.48/19, നെൽകൃഷിക്ക് വിത്തും വളവും, പദ്ധതി നം.56/19, നെൽകൃഷിക്ക് കൂലിച്ചെലവ്, പദ്ധതി നം.58/19, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്നിവയിൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഉള്ളതായി കാണുന്നില്ല.

സബ്സിഡി മാർഗരേഖ, ജി.ഒ (എംഎസ്) 22/2018, dt.14/2/2018, തസ്വഭവ പ്രകാരം മേൽ പദ്ധതികളിൽ, കൃഷി ചെയ്തിട്ടുണ്ടെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം അനിവാര്യമാണ്. കൃഷി ഓഫീസർ മാർഗരേഖാ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

# 1-22 കന്നുകുട്ടി പരിപാലന പദ്ധതി-വിട്ടുപോയ ഗുണഭോക്താക്കളുടെ പദ്ധതിവിഹിതം എസ്.എൽ.ബി.പി.യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ ഈ പദ്ധതിയിൽ 50 ഗുണഭോക്താക്കൾക്കായി, 6250/രൂപാ വീതം, മൊത്തം, 3,12,500/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ട്പോയതായി കാണുന്നു.

1.കുഞ്ഞുമോൾ, അരീപ്പുറത്ത്(2/19 വരെ തീറ്റ വാങ്ങി)

2.സരള, നടുമുറി(5/19 വരെ തീറ്റ വാങ്ങി)

3.അയ്യപ്പദാസ്, മടത്തിൽ മാരാത്ത് (3/19 വരെ തീറ്റ വാങ്ങി)

ഇവർക്ക് വേണ്ടി എസ്.എൽ.ബി.പി.യിൽ അടവാക്കിയ പദ്ധതി വിഹിതം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക്, തിരികെ വാങ്ങി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# 1-23 സ്വകാര്യ വ്യക്തികളിൽ നിന്നും പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

കൃഷിക്ക് ആവശ്യമായ മോട്ടോർ ഷെഡുകൾ പണിയുന്നതിന്, സ്ഥലം വിട്ടുനൽകിക്കൊണ്ട്, ശ്രീ.കീഴേടത്ത് അഞ്ചേരി പൊറിഞ്ചു വർഗീസ്, ചീനിക്കാപ്പുറത്ത് അബ്ദു, ഉമ്മർ എന്നിവർ ലാന്റ് റിലിങ്കിഷ്മെന്റ് ഫാറവും, സ്കെച്ചും പഞ്ചായത്തിന് സമർപ്പിച്ച സാഹചര്യത്തിൽ, പ്രസ്തുത സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കാൻ 7/1/2019-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരയോഗം, അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-24 പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്ത് ലേലം ചെയ്ത് നൽകുന്ന കുളങ്ങൾ

## ഉൾപ്പെട്ടിട്ടില്ല.

പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ 22 കുളങ്ങൾ ലേലം ചെയ്തതായി കണ്ടു. എന്നാൽ പ്രസ്തുത കുളങ്ങളിൽ 3 എണ്ണം മാത്രമേ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളൂ. ലേലം ചെയ്ത് നൽകിയ കുളങ്ങൾ കൂടാതെ താഴെ പറയുന്ന കുളങ്ങൾ കൂടി ആസ്തി രജിസ്റ്ററിൽ ഉണ്ട്.

വിശദാംശം താഴെ ചേർക്കുന്നു.

1. കണ്ണം കുളം

2.അലേരി കുളം

3.വ ല്ലി കുളം

4.കാട്ടുകുളങ്ങര കുളം

5.വൈചേല കുളം

6.വാസുപുര കുളം

7.ഇടാളി കുളം

8.കുറ്റികാട്ടുകുളം

9.പെരിയ കുളം

പ്രസ്തുത കുളങ്ങൾ ലേലം ചെയ്യാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിലും ലേല രജിസ്റ്ററിലും ചേർത്ത 2 കുളങ്ങളുടെ പേരിൽ ചെറിയ വ്യത്യാസം കാണുന്നു. പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും കുളങ്ങളുടെ പേരിലുള്ള അവ്യക്തത ഒഴിവാക്കേണ്ടതുമാണ്.

## 1-25 ജലനിധി കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

മാള മൾട്ടി ജി.പി. എന്ന പേരിൽ ജലനിധിയുടെ ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൽ 4.10.2013-ന് ആരംഭിച്ചു. പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായി, ആഗസ്റ്റ് 2017 മുതൽ ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്തു തുടങ്ങി. സെപ്തംബർ 2017 മുതൽ വാട്ടർ അതോറിറ്റി വാട്ടർ ബിൽ നൽകി തുടങ്ങി.

വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും തമ്മിൽ കുടിവെള്ള വിതരണം, പരിപാലനം എന്നിവ സംബന്ധിച്ച് 11.1.2018 ൽ കരാർ ഒപ്പിട്ടു. ആയതിലെ ക്ളോസ് 4.9 പ്രകാരം ഓരോ മാസവും 10ാം തിയതിക്കുമുമ്പ് ബിൽ നൽകുകയും 30 ദിവസത്തിനകം പഞ്ചായത്ത് ബിൽ തുക അടവാക്കുകയും ചെയ്യേണ്ടതാണ്. 4.11 പ്രകാരം 2% പിഴ പലിശ 30 ദിവസത്തിനു ശേഷം അടവാക്കുന്ന ബില്ലിന്റെ കൂടെ നൽകുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്.

ഒക്ടോബർ 2017 മുതൽ വാട്ടർ അതോറിറ്റി ബിൽ നൽകി തുടങ്ങി. പ്രസ്തുത തീയതി മുതൽ നാളിതുവരെ (3/19 വരെ) ബില്ലുകളിൽ പിഴ പലിശ ഉൾപ്പെട്ടിട്ടുണ്ട്. 2018-19 വർഷത്തെ ആകെ ബിൽ തുക (പിഴ പലിശ ഉൾപ്പെടെ) 4487479/- രൂപ ആണ്. എന്നാൽ SLEC 2018-19ൽ പഞ്ചായത്തിൽ ആകെ അടവാക്കിയത് 2950000/- രൂപ മാത്രമാണ്. പഞ്ചായത്ത് പ്രസ്തുത തുക വാട്ടർ അതോറിറ്റിക്ക് കാലതാമസമില്ലാതെ കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് കൈമാറുന്ന ബില്ലുകളുടെ തുക 2 മാസം തുടർച്ചയായി SLEC പഞ്ചായത്തിന് നൽകാത്ത പക്ഷം പഞ്ചായത്ത് വിവരം കേരള വാട്ടർ അതോറിറ്റി ഡയറക്ടറെ രേഖാ മൂലം അറിയിക്കേണ്ടതാണെന്ന് SLEC-യും പഞ്ചായത്തും തമ്മിൽ ഒപ്പുവച്ച കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബില്ലുകൾ അടവാക്കുന്നതിനു വന്ന കാലതാമസം പഞ്ചായത്ത് രേഖാ മൂലം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടില്ല.

SLEC അംഗീകരിച്ച ബൈലോ പ്രകാരമുള്ള വാട്ടർ ചാർജ്ജും കുടിശ്ശികയും നാളിതുവരെ കൃത്യമായി ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിട്ടില്ലാത്തതിനാലാണ് തുക പഞ്ചായത്തിലേക്ക് അടവാക്കാൻ കഴിയാത്തത്. 31.3.2019 വരെ 20,25392/-രൂ ഗുണഭോക്താക്കളിൽ നിന്ന്പിരിച്ചെടുക്കുവാനുണ്ട്.

വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടത് ആത്യന്തികമായി ഗ്രാമ പഞ്ചായത്ത് ആയതിനാലും ബിൽ അടക്കുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആയതിനാലും കുടിശ്ശിക വന്നാൽ അത് പഞ്ചായത്തിന് ബാദ്ധ്യത ആയി തീരുന്നതാണ്. ആയതിനാൽ പഞ്ചായത്തിന്റെ നിലവിലെ കുടിശ്ശികക്ക് കാരണമായി തീർന്ന വിഷയങ്ങൾ അടിയന്തിരമായി SLEC-യുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും കുടിശ്ശിക എത്രയും പെട്ടെന്ന് അടച്ചു തീർക്കുവാൻ SLEC ക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

# 1-26 കുടുംബശ്രീ വനിതാ കാന്റീൻ പ്രവർത്തനമാരംഭിച്ചിട്ടില്ല

കുടുംബശ്രീ വനിതാ കാന്റീൻ ആരംഭിക്കുന്നതിനായി പഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒരു പുതിയ കെട്ടിടം പണിത് ഇലക്ട്രിഫിക്കേഷൻ നടത്തി, പാത്രങ്ങൾ, മേശ കസേര തുടങ്ങിയവ വാങ്ങി സജ്ജീകരിച്ചിട്ടുണ്ട്. നാളിതുവരെയുള്ള ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു,

| പ്രൊജക്ടിന്റെ വിവരം | ചെലവ് |
|---|---|
| വനിതാകാന്റീൻ നിർമ്മാണം- നിർവ്വഹണം- അസി.എഞ്ചിനീയർ | 896095 (2018-19,2019-20) |
| കുടുംബശ്രീ വനിതാകാന്റീൻ വൈദ്യുതീകരണം, നിർവ്വഹണം- അസി.എഞ്ചിനീയർ | 80479 (2019-20) |
| വനിതാ കാന്റീനിലേക്ക് ആവശ്യമായ മേശ, കസേര നിർവ്വഹണം- സെക്രട്ടറി | 78050 (2018-19)<br>5888 (2019-20) |
| കുടുംബശ്രീ വനിതാകാന്റീൻ പ്രവർത്തന സജ്ജമാക്കുന്നതിന് പാത്രങ്ങൾ, നിർവ്വഹണം- സെക്രട്ടറി | 84890 (2018-19) |
| ആകെ | 11,45,402/- |

11.45 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചുകഴിഞ്ഞു. ഇതു കൂടാതെ 50,000 രൂപ വകയിരുത്തി വനിതാ കാന്റീനിലേക്ക് ഭൗതിക സൗകര്യമൊരുക്കൽ, 73578 രൂപ വകയിരുത്തി വനിതാകാന്റീൻ അനുബന്ധ സൗകര്യമൊരുക്കൽ എന്നീ പ്രൊജക്ടുകൾ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ നിലവിലുണ്ട്.

9.2.2019ന് വനിതാ കാന്റീൻ കെട്ടിടം ഉദ്ഘാടനം നടത്തിയെങ്കിലും കാന്റീൻ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് കെട്ടിടം ഉപയുക്തമാക്കേണ്ടതും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി കൈവരിക്കേണ്ടതുമാണ്.

# 1-27 തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

<u>1.അവിദഗ്ദ തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരം ശാസ്ത്രീയമായി കണക്കാക്കിയ തൊഴിൽ ദിനങ്ങൾ നല്കുന്നതിന് സാധിച്ചില്ല</u>

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് നിർമാണ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർണമായും നടപ്പാക്കുകയും എന്നാൽ അവിദഗ്ദ തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരം ശാസ്ത്രീയമായി കണക്കാക്കിയ തൊഴിൽ ദിനങ്ങൾ നല്കുന്നതിന് സാധിക്കാതെ വരികയും ചെയ്തു. എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റീരിയൽസ് പൂർണമായും വാങ്ങി, അർദ്ധ-പൂർണ വിദഗ്ദതൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയ തൊഴിൽ ദിനങ്ങൾ നൽകുകയും അർഹമായ കൂലി ശുപാർശ ചെയ്യുകയും (കൂലി നൽകിയിട്ടില്ല) ചെയ്തിരിക്കെ അവിദഗ്ദ തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരം അർഹമായ തൊഴിൽ ദിനങ്ങൾ നല്കാതെ എപ്രകാരം പണി പൂർത്തീകരിച്ചു എന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള കണക്കുകൾ, അളവു പുസ്തകം പ്രകാരമുള്ള യഥാർത്ഥത്തിൽ പൂർത്തീകരിച്ച അളവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | | പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | അവിദഗ്ദ തൊഴിലാളി തൊഴിൽ ദിനങ്ങൾ | അവിദഗ്ദ തൊഴിലാളി കൂലി |
|---|---|---|---|---|---|
| 1. | എസ്റ്റിമേറ്റ് | കരിങ്ങച്ചിറ പ്രദേശത്തെ റോഡ് നിർമ്മാണം | 68.445 cum | 122.34 | 31563.68 |
| | അളവ് പുസ്തകം പ്രകാരം (362/18-19) | | 68.445 cum | 77 | 20867 |
| 2. | എസ്റ്റിമേറ്റ് | പുത്തൻചിറ പ്രദേശത്ത് റോഡ് നിർമാണം | 68.73 cum | 121.78 | 31418.19 |
| | അളവ് പുസ്തകം പ്രകാരം (193/18-19) | | 68.73 cum | 48 | 13008 |

എല്ലാ വിഭാഗം തൊഴിലാളികളും പൂർണമായും സഹകരിച്ച് പണി ചെയ്തതിനാലാണ് ഇപ്രകാരം എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത തൊഴിൽദിനങ്ങൾക്ക് മുമ്പേ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടത് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ 11 തീ.28/09/2019). തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം അവിദഗ്ദ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുക എന്നതാണെന്ന്, ആസ്തി നിർമാണ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ, ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

<u>2.മെറ്റീരിയൽ വാങ്ങുന്നതിന് ഇൻവോയ്സ് ഇല്ല, മെറ്റീരിയൽ സപ്ലൈ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല.</u>

പ്രവൃത്തികൾക്ക് മെറ്റീരിയൽസ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നുണ്ടെങ്കിലും സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സ് ലഭ്യമാക്കിയതായി കാണുന്നില്ല. ഇൻവോയ്സ് ലഭ്യമാക്കാതെയാണ് സാധനങ്ങൾ ലഭ്യമാക്കി തുക അനുവദിക്കുന്നത്. മാത്രമല്ല, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 189 എ , കേരള പൊതുമരാമത്ത് പ്രവൃത്തി മാന്വൽ 2011 അപ്പൻഡിക്സ് 2100 E1, കുറിപ്പ് 1 പ്രകാരം പ്രവൃത്തിക്ക് വേണ്ടി മെറ്റീരിയൽസ് ലഭ്യമാക്കുമ്പോൾ ആയത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിക്ക് ലഭ്യമാക്കുന്ന മെറ്റീരിയൽസ് ലഭ്യമാക്കുമ്പോൾ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെ മെറ്റീരിയൽസിന്റെ തുക അനുവദിക്കുന്നതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ

വരുത്തിയാണ് തുക അനുവദിക്കുന്നത്. ഇപ്രകാരം ഇൻവോയ്സ് ലഭ്യമാക്കാതെയും അളവ് പുസ്തകത്തിൽ സപ്ലൈ രേഖപ്പെടുത്താതെയും തുക അനുവദിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തി | മെറ്റീരിയൽസിന്റെ വില | മെറ്റീരിയൽസ് | മെറ്റീരിയൽസ് നല്കിയ വിതരണക്കാരൻ |
|---|---|---|---|---|
| 1. | കരിങ്ങച്ചിറ പ്രദേശത്തെ റോഡ് നിർമാണം | 3,98,069 | ക്വാറി വേസ്റ്റ്, 40 mm മെറ്റൽ, 20 mm മെറ്റൽ, 10 mm മെറ്റൽ, എം-സാൻഡ്, സിമന്റ് | ശ്രീ.ഷാജു.ടി.എസ് |
| 2. | കൊമ്പത്ത്കടവ് പ്രദേശത്ത് 40-10 നമ്പർ അങ്കണവാടിയിലേക്കുള്ള റോഡ് നിർമാണം | 1,13,123.98 | | |
| 3. | പുത്തൻചിറ പ്രദേശത്ത് റോഡ് നിർമാണം | 3,99,670.95 | | |

പുത്തൻചിറയുടെ സമീപ പ്രദേശങ്ങളിൽ ക്വാറി ഇല്ലാത്തതിനാൽ ചില ഇനങ്ങൾക്ക് ഇൻവോയ്സ് ലഭ്യമാക്കാൻ കഴിഞ്ഞില്ലെന്നും അവരിൽ നിന്ന് ടെണ്ടർ സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും വിതരണക്കാരന് ജി എസ് ടി രജിസ്ട്രേഷൻ ഉണ്ടെന്നും അദ്ദേഹത്തിൽ നിന്നും ഇൻവോയ്സ് ലഭിക്കാത്തതിനാൽ മെറ്റീരിയൽസിന്റെ യഥാർത്ഥ ജി എസ് ടി കുറവ് ചെയ്ത തുകയാണ് ശുപാർശ ചെയ്തിരിക്കുന്നത് എന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ സപ്ലൈക്ക് ലഭ്യമാക്കുന്ന മെറ്റീരിയൽസ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി മെറ്റീരിയൽസിന്റെ സപ്ലൈ സാക്ഷ്യപ്പെടുത്തണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. സാധനങ്ങളുടെ വിതരണം,നീക്കിയിരിപ്പ് എന്നിവ കണക്കാക്കുന്നതിന് നിലവിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ തുടരേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും,ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും നിഷ്കർഷകളും പാലിക്കുന്ന നിരീക്ഷണങ്ങൾ ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും നിഷ്കർഷകളും പാലിക്കുന്ന നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 21.08.2019, 22.08.19 | നം.കെ.എസ്.എ.ടി.എസ്.ആർ.(എസ്.1) 1120(19)/ 26.8.19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 27600 | ലൈഫ് മിഷൻ പദ്ധതി എസ്.സി. | 0 | 27600 |
| | | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 1212000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1212000 | 0 |
| | | 200000 | പച്ചക്കറികഷിക്ക് കൂലിച്ചെലവ് സബ്സിഡി | 200000 | 0 |
| | | 650000 | കോവിലകത്തുകുന്ന് കട്ടപ്പാടം ഭാഗത്ത് റോഡിന്റെ സൈഡ് ഇടിഞ്ഞ ഭാഗം കെട്ടി സംരക്ഷണം | 0 | 650000 |

| | | | | | |
|---|---|---|---|---|---|
| | | 590600 | ലൈഫ് ജനറൽ | 590600 | 0 |
| | | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | 990000 | പകരപ്പിള്ളി കാരാമ്പ്ര ചേന്ദങ്കരി പാടശേഖരത്തിലെ നെൽകൃഷി വികസനത്തിന് മോട്ടോർഷെഡ് | 0 | 990000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 632265 | ലൈഫ് ജനറൽ | 632265 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2017-18 | 500000 | വള്ളുകുളം സംരക്ഷണം | 500000 | 0 |

ബ്ളോക്ക് പഞ്ചായത്ത് വിഹിതം മുന്നിരിപ്പ് 170571/- രൂപ 31.3.2019 തിയതിയിലും നീക്കിയിരിപ്പുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം മുന്നിരിപ്പ് തുകയിൽ 5,00,000 രൂപ 2018-19 വർഷം ചെലവായി. ബാക്കിയുള്ള തുക 19400/- രൂപ 5.9.2018ൽ തിരിച്ചടവാക്കിയതായി ലഡ്ജറിൽ കാണുന്നു, ആയതിന്റെ ചലാൻ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. പുത്തൻചിറ | സ്ട്രീറ്റ് മെയിൻ വലിക്കൽ S0022/19 | 139 | 449414 | 0 | 449414 |
| കെ.എസ്.ഇ.ബി. പുത്തൻചിറ | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ S0027/19 | 168 | 7424 | 0 | 7424 |
| കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 168 | 20869 | 0 | 20869 |

| | | | | | |
|---|---|---|---|---|---|
| സെക്ഷൻ കൊടുങ്ങല്ലൂർ | S0027/19 | | | | |

എന്നാൽ മേൽ പറഞ്ഞ തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസായി കൈമാറിയ തുക ചെലവായി രേഖപ്പെടുത്താത്തതാണ് ഇതിന് കാരണം. 31.3.2019 തിയതിയിലെ B-18 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന " Advance to implementing Agencies -Deposit with KSEB – 443730/- എന്നത് 2017-18 വർഷത്തിൽ തെരുവുവിളക്ക് വ്യാപനത്തിനായി ഡെപ്പോസിറ്റ് ചെയ്തിരുന്നതാണ്. ടി പ്രവൃത്തി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 36,40,000/- രൂപ ലഭിച്ചെങ്കിലും (RP 32 പ്രകാരം) ആയതിൽ 3420000/- രൂപ വിനിയോഗിച്ച് ബാക്കി 2,20,000/- രൂപ തിരിച്ചടച്ചു. (RP 32 പ്രകാരം)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ. (എം.എസ്) 100/2018/LSGD/ 30.7.2018 | 3420000 | 0 | 0 | 0 | 3420000 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7882/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| performance audit 2015-16 | 4-1-1 | 4 | സെക്രട്ടറി, പുത്തൻചിറ | 118030101031/ 12.6.18 |
| audit enquiry 3 | --- | 400 | AE, LSGD | 118030102413/ 29.9.18 |
| 2017-18 | --- | 950 | നമ്പാടൻ ഏജൻസീസ് | 118030106489/ 8.2.19 |
| 2017-18 | --- | 100 | മാളിയേക്കൽ | 118030106490/ 8.2.19 |

| | | | | |
|---|---|---|---|---|
| വിവരം ലഭ്യമല്ല | --- | 48 | AE, LSGD | 118030106554/ 13.2.19 |
| ഫയൽ നംb2-317/19 | --- | 200 | സെക്രട്ടറി | 118030106621/ 19.2.19 |
| വിവരം ലഭ്യമല്ല | --- | 1380 | പ്രോംപ്റ്റ് പാക്ക്സ് | 118030106623/ 19.2.19 |
| വിവരം ലഭ്യമല്ല | --- | 4800 | വൗച്ചർ നം.41800324, തൊഴിൽ നികുതി | 118030106744/ 31.3.19 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2.1 | | 2.1 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | വിവരം ലഭ്യമാക്കിയിട്ടില്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72336749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70687189 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,18,227 |

(ബി). <*<u>പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 518227/- | ശ്രീ പ്രേമാനന്ദ്, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രേമാനന്ദ്.സി.എം., സെക്രട്ടറി | വിരമിച്ചു | ചിരേപ്പറമ്പിൽ വീട്, എസ്.എൻ.പുരം, പനങ്ങാട്.പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.(പി.1)-366/12 തിയതി.01.03.12/ 02.05.12 |
| 75-76 | |
| 76-77 | |
| 78-79 | |
| 79-80 | |
| 80-81 | |
| 81-82 മുതൽ 91-92 വരെ | |
| 92-93, 93-94 | |
| 94-95, 95-96 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 96-97 | |
| 97-98 | |
| 98-99 ചെലവ് | |
| 99-2000 ചെലവ് | |
| 2000-01, 01-02 (പ്ളാൻ) | |
| 2001-02 | |
| 2002-03 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 98-99 വരവ് | |
| 99-2000 വരവ് | |
| 2003-04 | |
| 2004-05 | |
| | |

| | |
|---|---|
| 2005-06 | |
| 2006-07 | |
| 07-08 | എൽ.എഫ്.ടി(പി.12)-1813/10 തീ.14-10-10 |
| 08-09 | എൽ.എഫ്.ടി(പി.12)-1814/10 തീ.14-10-10 |
| 09-10 | എൽഎഫ്.ടി(പി12)-1815/10 തിയതി.4.10.11/3.11.11 |
| 10-11 | എൽഎഫ്.ടി(പി1)-1953/12 തിയതി.8.1.13/8.3.13 |
| 11-12 | എൽഎഫ്.ടി(പി1)-2579/13 തിയതി.9.1.14 |
| 12-13 | എൽഎഫ്.ടി(പി1)-1768/14 തിയതി.4.4.15/12.6.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. പി-1-1684/15 തീ.28-12-15/9-2-16 |
| 14-15 | കെ എസ് എ ടി എസ് ആർ പി1-1034/16/30.6.16/28.7.16 |
| 15-16 | കെ എസ് എ ടി എസ് ആർ പി1-1985/16 തീ.14.11.20162 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ.(പി1)1424/2017 തീയതി: 18.09.2017 |
| 2017-18 | കെ.എസ്.എ-ടി.എസ്.ആർ. (പി1)-1644/2018തീയതി: 10/01/19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-ടി.എസ്.ആർ(പി)1-1448/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി:13/12/19

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

# അനുബന്ധം -2 .

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ